


# രാഷ്ട്രീയക്കാർ പ്രതികാരം ചെയ്യുന്നു

**ബാബു**
**(ആദിവാസി, കാര്യമ്പാടി കോളനി, സുൽത്താൻ ബത്തേരി)**

50 സെന്റ് സ്ഥലത്ത് 40 കുടുംബങ്ങൾ താമസിക്കുന്ന കാര്യമ്പാടി കോളനിയിലാണ് ഞാൻ കഴിയുന്നത്. 30 വീടുകളിലായാണ് 40 കുടുംബങ്ങൾ താമസിക്കുന്നത്. ഞങ്ങളുടെ കോളനിയിലുണ്ടായിരുന്ന എല്ലാ വീട്ടുകാരും മുത്തങ്ങ സമരത്തിൽ പങ്കെടുത്തവരാണ്. കൂലിപ്പണി ചെയ്തു ജീവിക്കുന്നവരാണ് കോളനിയിലുള്ള കൂടുതൽ പേരും. കൃഷി ചെയ്യാനുള്ള ഭൂമിയും സാഹചര്യവും ഞങ്ങൾക്കില്ല. അതാണ് മുത്തങ്ങയിൽ സമരത്തിന് പോകാൻ കാരണം. ഞങ്ങളെപ്പോലെ സ്വന്തമായി ഭൂമിയില്ലാത്ത 22 കോളനികളിൽ നിന്നുള്ള ആദിവാസി കുടുംബങ്ങൾ അന്ന് മുത്തങ്ങയിൽ വന്നു. മൂന്ന് മാസത്തോളം എല്ലാവരേയും സംഘടിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിയ ശേഷമാണ് ഞങ്ങളിൽ പലരും മുത്തങ്ങയിലെത്തിയത്. കുടിലുകെട്ടി താമസം തുടങ്ങി ഒരു മാസം കഴിഞ്ഞിട്ടാണ് പോലീസ് ആക്ഷനുണ്ടായത്.

വനം കൊള്ളക്കാർ ഏറ്റവും കൂടുതലുള്ള ഒരു മേഖലയാണ് മുത്തങ്ങ. ബന്ദിപ്പൂർ വനങ്ങളിലെല്ലാമുള്ള വനവിഭവങ്ങൾ കൊള്ളയടിച്ച് കേരളത്തിലേക്ക് കൊണ്ടുവരുന്ന ചില സമാന്തര വഴികൾ മുത്തങ്ങയിലുണ്ട്. ആദിവാസികൾ മുത്തങ്ങയിൽ കുടിൽകെട്ടിയാൽ ഈ വനം കൊള്ള നടക്കില്ല. അതുകൊണ്ട് പല വനം കൊള്ളക്കാരും ഞങ്ങളുടെ സമരത്തിന് എതിരായി. അവരെ പിന്തുണയ്ക്കുന്നതുകൊണ്ടാണ് സിപിഎമ്മുകാർ ഞങ്ങളുടെ സമരത്തെ പൊളിക്കാൻ വന്നത്. പാർട്ടി മെമ്പർമാരും പോലീസിനൊപ്പം ഞങ്ങളെ ആക്രമിക്കാനുണ്ടായിരുന്നു.

1500 ഏക്കർ സ്ഥത്ത് 4000 ആദിവാസികൾ അന്ന് മുത്തങ്ങയിലുണ്ടായിരുന്നു. പല സ്ഥലത്തായി ചിതറിക്കിടക്കുന്നതുകൊണ്ട് പോലീസ് കയറുന്നതിനെ ചെറുക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു. നാഷണൽ ഹൈവേയിൽ നിന്നും മുത്തങ്ങയിലേക്കുള്ള പ്രധാനവഴിയിലൂടെയാണ് പോലീസ് ഉള്ളിലേക്ക് കയറിയത്. അവിടെ വച്ച് തന്നെ പോലീസിനെ ചെറുക്കാൻ ഞങ്ങളുടെ ആളുകൾ ശ്രമിച്ചെങ്കിലും പോലീസ് ബലം പ്രയോഗിച്ച് ഉള്ളിൽ കയറുകയായിരുന്നു. ആ ഭാഗത്തുണ്ടായിരുന്നവർക്ക് ക്രൂരമായി മർദ്ദനമേറ്റു. പോലീസ് വരുന്നതറിഞ്ഞ് മുത്തങ്ങയുടെ ഉൾവശത്തുണ്ടായിരുന്ന പലരും കാട്ടിലേക്ക് ഓടിഒളിച്ചു. കാട്ടിൽ നിന്നും പുറത്ത് വന്നവരെയെല്ലാം നാട്ടുകാരും സിപി.എം പ്രവർത്തകരും ചേർന്ന് പിടിച്ച് പോലീസിൽ ഏൽപ്പിച്ചു. സമരത്തിൽ പങ്കെടുക്കാത്ത പലരേയും റേഷൻ വാങ്ങാൻ ബത്തേരിയിൽ വന്നപ്പോഴെല്ലാം അറസ്റ്റ് ചെയ്ത് കൊണ്ടുപോയി.



ഞങ്ങൾക്കെതിരെ അന്നെടുത്ത കേസുകൾ പലതും ഇപ്പോഴും പിൻവലിച്ചിട്ടില്ല. എൽ.ഡി.എഫ് അധികാരത്തിൽ വന്നാൽ കേസുകൾ പിൻവലിക്കുമെന്ന് പറഞ്ഞിരുന്നു. സി.പി.എമ്മുകാർ ഉൾപ്പെട്ട മുത്തങ്ങ കേസുകൾ മാത്രമാണ് അവർ പിൻവലിച്ചത്. സമരത്തിൽ പങ്കെടുത്ത 22 കോളനിക്കാർക്കെതിരെയും ഇപ്പോഴും കേസുണ്ട്. മുത്തങ്ങ സമരത്തിൽ പങ്കെടുത്തതുകൊണ്ട് ഇവിടെയുള്ള രാഷ്ട്രീയക്കാർക്ക് ഞങ്ങളോട് ഇപ്പോഴും വിരോധമുണ്ട്. സി.പി.എം ഭരിച്ചിരുന്ന നൂൽപ്പുഴ പഞ്ചായത്ത് ആദിവാസികൾക്ക് ലഭിക്കേണ്ട പല ആനുകൂല്യങ്ങളും സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ ഞങ്ങൾക്ക് നിഷേധിച്ചു. കഴിഞ്ഞ തെരഞ്ഞെടുപ്പോടെ നൂൽപ്പുഴയിൽ സി.പി.എം ഭരണം അവസാനിപ്പിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു. ഗോത്രമഹാസഭ അതിന് വേണ്ടി നിരവധി പ്രവർത്തനങ്ങൾ നടത്തി. അവരുടെ ഭരണം അവസാനിച്ച ശേഷമാണ് ഞങ്ങൾക്ക് പല ആനുകൂല്യങ്ങളും കിട്ടിത്തുടങ്ങിയത്. പല സ്ഥലങ്ങളിലും കോളനിക്കാർ ദുരിതമനുഭവിക്കാൻ കാരണം രാഷ്ട്രീയക്കാർ ഞങ്ങളോട് പ്രതികാരം ചെയ്യുന്നതുകൊണ്ടാണ്.

വയനാട് ജില്ലയിലെ ഭൂമിയില്ലാത്ത എല്ലാ ആദിവാസികൾക്കും ഭൂമി നൽകാനുള്ള സ്ഥലം വയനാട്ടിലുണ്ട്. പാട്ടക്കാലാവധി കഴിഞ്ഞ ഒരുപാട് എസ്റ്റേറ്റുകൾ വയനാട്ടിലുണ്ട്. സർക്കാറിന്റെ കൈവശവും ഭൂമിയുണ്ട്. എന്നിട്ടും ഞങ്ങൾക്ക് ഭൂമി തരാൻ സർക്കാർ തയ്യാറാകുന്നില്ല.